**20U232** (Pages: 2) Name....................

Reg. No..................

**SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, APRIL 2021**

(CUCBCSS – UG)

(Regular/Supplementary/Improvement)

**CC19U MAL2 A08 (2) – മലയാള സാഹിത്യ പഠനം 2**

(Malayalam - Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

## സെക്ഷൻ - എ

(ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി 25 മാർക്ക്)

1. 'കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു കേറാൻ പിടിക്കയറെന്തു വേറെ' വിവക്ഷിതമെന്ത്?
2. പരശുരാമൻ ആദ്യമായി തന്റെ മഴുവിനിരയാക്കിയത് ആരെയാണ്? കാരണമെന്ത് ?
3. 'ഇത്തരം ഒരു പാതാള ഭൈരവനെ തൊടുവാൻ പോലും എനിക്ക് സാധ്യമാണോ?' സന്ദർഭം ഏത് ?
4. 'ഈ ദിവസത്തിൽ മാത്രമല്ലാത്തൊരു ബന്ധത്തെപ്പറ്റി നീ ചിന്തിക്കുന്നതുപോലും എനിക്ക് ഇഷ്ടമല്ല' ആര് ആരോട് എപ്പോൾ പറഞ്ഞു?
5. ചെമ്പകം പൂക്കുന്ന പഞ്ചവടിയിൽ ശൂർപ്പണഖ ഓടിയണയുന്നതെന്തിന് ?
6. ചെറുപ്പത്തിൽ കണ്ട പനകയറ്റക്കാരൻ കുഞ്ഞപ്പനെ അനൂപിന്റച്ഛന് ഓർമ്മ വന്നതെപ്പോൾ ?
7. 'കമലയെ കാണാൻ കഴിയാഞ്ഞാൽ ഞാൻ വ്യസനിക്കും.' എന്ന് അമ്മാമ്മ പറയാനുള്ള കാരണം എന്ത് ?
8. മിസ് അഹറോൻ ബോംബെയിൽ എത്തിയതിന്റെ ഉദ്ദേശമെന്തായിരുന്നു ?
9. ഞങ്ങളുടെ കുടുംബം അധികാരം പിടിച്ചു പറ്റിയിരിക്കുന്നു എന്ന് ഒ. വി. വിജയൻ പറഞ്ഞതിന്റെ പൊരുളെന്ത് ?
10. സി. എൻ. ശ്രീകണ്ഠൻനായരുടെ നാല് നാടകത്തിന്റെ പേരെഴുതുക?
11. ദശരഥൻ കൈകേയിക്ക് വരം കൊടുക്കാനുണ്ടായ കാരണമെന്ത് ?
12. 'വരും കൊല്ലമാരെന്നുമെന്തെന്നു, മാർക്കറിയാം.' കവി ഇങ്ങനെ പറയാനുണ്ടായ കാരണമെന്ത് ?
13. 'അവരവള്ടെ മൂക്കും മൊലേം അര്ഞ്ഞില്യ' ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?
14. ടി വി കൊച്ചുബാവയുടെ കഥയിലെ ബംഗ്ലാവിന്റെ പ്രത്യേകത എന്തായിരുന്നു?
15. അന്യഭാഷയെ എന്തിനോടാണ് കവി ഉപമിച്ചിരിക്കുന്നത് ?

**(Ceiling: 25 Marks)**

## സെക്ഷൻ -ബി

(ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്)

16. ആശയപ്രകാശനത്തിന് ഏറ്റവും സ്വീകാര്യമായിരിക്കുന്നത് മാതൃ ഭാഷയാണെന്ന് വള്ളത്തോൾ സമർത്ഥിക്കുന്നത് എങ്ങനെ ?
17. ഹൃദയാവർജ്ജകമായ ആത്മനിവേദനഗാനമാണ് സഫലമീയാത്ര എന്ന കവിത. വിശദീകരിക്കുക ?
18. വി. കെ. എന്നിന്റെ ചിരി 'ദുഷ്യന്തൻമാഷ്' എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക ?
19. മഹേന്ദ്രാചല ശിഖരത്തിലിരുന്ന് പരശുരാമൻ കാണുന്ന കാഴ്ചകൾ എന്തെല്ലാം ?
20. 'മരണങ്ങളുടെ തമാശയിൽ ഹരം കൊണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസ് മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്തവിധം കാറോടിച്ചു.' സന്ദർഭം വിശദീകരിക്കുക ?
21. കാടും കരുത്തുമാണ് ശൂർപ്പണഖ. തായ്കുലം എന്ന കഥയെ ആസ്പദമാക്കി വിശദീകരിക്കുക ?
22. 'യരുശലേമിലെ ഈ പെണ്ണ് കാത്തിരിക്കുന്നുവെന്ന് ഓർമ്മിക്കുവാൻ ഇന്ന് സലിമിന് സമയം കാണുകയില്ല.' ആരുടേതാണീ വാക്കുകൾ ? സന്ദർഭം ഏത് ?
23. ആത്മസംഘർഷങ്ങളാൽ പീഢിതനായ ദശരഥന്റെ ചിത്രം സി എൻ. ചിത്രീകരിക്കുന്നതെങ്ങനെ ?

**(Ceiling: 35 Marks)**

## സെക്ഷൻ -സി

ഏതെങ്കിലും രണ്ട് ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക

24. മാതൃഭൂമിയെ തന്നെ ഹനിക്കുന്ന മാതൃഹന്താവിന്റെ നീച പൈതൃകം തുടരുന്നവനാണ് ഇന്നും മലയാളി. മഴുവിന്റെ കഥ എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക. ?
25. ഭാരതീയമായ സവിശേഷ പാകത്തിലുള്ള കമ്മ്യൂണിസമാണ് കേരളത്തിനനു-ഗുണമായത് എന്ന സിദ്ധാന്തത്തെ ഒ. വി. വിജയൻ തന്റെ വാദമുഖങ്ങളിലൂടെ സമർത്ഥിക്കുന്നതെങ്ങനെ ?
26. ഒരുമിച്ചുറങ്ങിയാലും ഉണരുന്ന മാത്രയിൽ കൂടുതൽ തെളിമയാർജ്ജിക്കുന്ന ഓർമ്മപ്പൊട്ടുപോലെയാണ് ജാതിബോധം. 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയെ മുൻനിർത്തി വിശദീകരിക്കുക?
27. മനുഷ്യമനസ്സിന് ഒരു നിമിഷത്തേക്കുണ്ടാകുന്ന ചാഞ്ചല്യവും അതിന്റെ ഫലമായി നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും ധർമ്മ സങ്കടങ്ങളുമാണ് സാകേതം എന്ന നാടകം വിശദീകരിക്കുക ?

**(2 × 10 = 20 Marks)**

*******